61

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാൺട്രാക്റ്റ് തൊഴിലാളി (ക്രമപ്പെടുത്തലും നിറുത്തലാക്കലും) ആക്റ്റ്, 1970

## (1970-ലെ 37-ാം നമ്പർ ആക്റ്റ്)

[1970 സെപ്റ്റംബർ 5-ാം തീയതി നിലവിലുള്ള പ്രകാരം]

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാൺട്രാക്ററ് തൊഴിലാളി
# (ക്രമപ്പെടുത്തലും നിറുത്തലാക്കലും)
# ആക്ററ്, 1970

(1970-ലെ 37-ാം നമ്പർ ആക്ററ്)

[1970 സെപ്ററംബർ 5-ാം തീയതി നിലവിലുള്ള പ്രകാരം]

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# കാൺട്രാക്ററ് തൊഴിലാളി
# (ക്രമപ്പെടുത്തലും നിറുത്തലാക്കലും)
# ആക്ററ്, 1970

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.
2. നിർവ്വചനങ്ങൾ.

അദ്ധ്യായം II

ഉപദേശക ബോർഡുകൾ

3. കേന്ദ്ര ഉപദേശക ബോർഡ്.
4. സ്റേററ് ഉപദേശക ബോർഡ്.
5. കമ്മിററികൾ സംവിധാനം ചെയ്യാനുള്ള അധികാരം.

അദ്ധ്യായം III

കാൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

6. രജിസ്ററിങ്ങ് ഉദ്യോഗസ്ഥൻമാരുടെ നിയമനം.
7. ചില സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.
8. ചില സംഗതികളിൽ രജിസ്ട്രേഷൻ പിൻവലിക്കുന്നത്.
9. രജിസ്ററർ ചെയ്യാത്തതിൻെറ പ്രഭാവം.
10. കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനത്തിൻെറ നിരോധനം.

അദ്ധ്യായം IV

കാൺട്രാക്ററർമാർക്ക് ലൈസൻസ് നല്കുന്നത്

11. ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻമാരുടെ നിയമനം.
12. കാൺട്രാക്ററർമാർക്ക് ലൈസൻസ് നല്കുന്നത്.
13. ലൈസൻസുകൾ നല്കുന്നത്.
14. ലൈസൻസുകൾ പിൻവലിക്കുന്നതും സസ്പെൻഡ് ചെയ്യുന്നതും ഭേദഗതി ചെയ്യുന്നതും.
15. അപ്പീലുകൾ.

## അദ്ധ്യായം V

## കാൺട്രാക്ററ് തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യവും

16. കാൻറീനുകൾ.
17. വിശ്രമമുറികൾ.
18. മററു സൗകര്യങ്ങൾ.
19. പ്രഥമശുശ്രൂഷയ്ക്കുള്ള സൗകര്യങ്ങൾ.
20. ചില സംഗതികളിൽ മുഖ്യ നിയോജകൻെറ ബാദ്ധ്യത.
21. കൂലികൊടുക്കാനുള്ള ഉത്തരവാദിത്വം.

## അദ്ധ്യായം VI

## ദണ്ഡനങ്ങളും നടപടിക്രമവും

22. തടസ്സങ്ങൾ.
23. കാൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളുടെ ഉല്ലംഘനം.
24. മററു കുററങ്ങൾ.
25. കമ്പനികളാലുള്ള കുററങ്ങൾ.
26. കുററങ്ങൾ നടപടിക്കെടുക്കുന്നത്.
27. പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.

## അദ്ധ്യായം VII

## പലവക

28. ഇൻസ്പെക്ററിങ്ങ് സ്ററാഫ്.
29. രജിസ്ററുകളും മററു റിക്കാർഡുകളും വച്ചുപോരണമെന്ന്.
30. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.
31. പ്രത്യേക സംഗതികളിൽ ഒഴിവാക്കാനുള്ള അധികാരം.
32. ഈ ആക്ററിൻകീഴിൽ എടുക്കുന്ന നടപടിയുടെ സംരക്ഷണം.
33. നിർദേശങ്ങൾ നല്കാനുള്ള അധികാരം.
34. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.
35. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

# കാൺട്രാക്ററ് തൊഴിലാളി
# (ക്രമപ്പെടുത്തലും നിറുത്തലാക്കലും)
# ആക്ററ്, 1970

(1970-ലെ 37)

ചില സ്ഥാപനങ്ങളിൽ കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനം ക്രമപ്പെടുത്തുന്നതിനും, ചില പരിതഃസ്ഥിതികളിൽ നിറുത്തലാക്കുന്നതിനും, അതിനോടു ബന്ധപ്പെട്ട വിഷയങ്ങൾക്കും ഉള്ള ആക്ററ്.

[1970 സെപ്ററംബർ, 5]

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ ഇരുപത്തൊന്നാം സംവത്സരത്തിൽ പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.—(1) ഈ ആക്ററിന്, കാൺട്രാക്ററ് തൊഴിലാളി (ക്രമപ്പെടുത്തലും നിറുത്തലാക്കലും) ആക്ററ്, 1970 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻററ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, ഈ ആക്ററിലെ വ്യത്യസ്തവ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

(4) ഇത്—

(ക) ഇരുപതോ അതിലധികമോ തൊഴിലാളികളെ കാൺട്രാക്ററ് തൊഴിലാളികളായി നിയോജിക്കുന്നതോ, തൊട്ടുമുമ്പുള്ള പന്ത്രണ്ടുമാസങ്ങളിലെ ഏതെങ്കിലും ദിവസം നിയോജിച്ചിട്ടുണ്ടായിരുന്നതോ ആയ ഏതൊരു സ്ഥാപനത്തിനും;

(ഖ) ഇരുപതോ അതിലധികമോ തൊഴിലാളികളെ നിയോജിക്കുന്നവനോ തൊട്ടുമുമ്പുള്ള പന്ത്രണ്ടുമാസങ്ങളിലെ ഏതെങ്കിലും ദിവസം നിയോജിച്ചിട്ടുണ്ടായിരുന്നവനോ ആയ ഏതൊരു കൺട്രാക്ററർക്കും,
ബാധകമാകുന്നതാണ്:

എന്നാൽ, സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഇരുപതിൽ കുറഞ്ഞതും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നത്രയും തൊഴിലാളികളെ നിയോജിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിന്നോ, കൺട്രാക്ററർക്കോ, ഈ ആക്ററിലെ വ്യവസ്ഥകൾ ബാധകമാക്കാനുള്ള ഗവൺമെൻറിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് രണ്ടു മാസത്തിൽ കുറയാത്ത നോട്ടീസ് നല്കിയതിനുശേഷം, അപ്രകാരം ബാധകമാക്കാവുന്നതാണ്.

(5) (ക) ഇത്, ഇടവിട്ടുള്ളതോ യാദൃച്ഛികമായതോ ആയ പ്രകൃതമുള്ള പ്രവൃത്തി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ബാധകമാകുന്നതല്ല.

(ഖ) ഒരു സ്ഥാപനത്തിൽ ചെയ്യുന്ന പ്രവൃത്തി ഇടവിട്ടുള്ളതോ യാദൃച്ഛികമായതോ ആയ പ്രകൃതമുള്ളതാണോ എന്ന പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, സമുചിതഗവൺമെൻറ്, അതതു സംഗതിപോലെ, കേന്ദ്ര ബോർഡിനോടോ സ്റേററ് ബോർഡിനോടോ ആലോചിച്ചതിനുശേഷം, അ പ്രശ്നം തീരുമാനിക്കേണ്ടതും, അതിൻെറ തീരുമാനം അന്തിമമായിരിക്കുന്നത മാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൻെറ ആവശ്യത്തിന് ഒരു സ്ഥാപനത്തിൽ ചെയ്യുന്ന പ്രവൃത്തി—

(i) അത് തൊട്ടുമുമ്പുള്ള പന്ത്രണ്ട് മാസങ്ങളിൽ നൂററിയിരുപതു ദിവസത്തിലധികം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലോ, അല്ലെങ്കിൽ

(ii) അത് കാലികമായ സ്വഭാവമുള്ളതായിരിക്കുകയും ഒരു വർഷത്തിൽ അറുപത് ദിവസത്തിലധികം ചെയ്യുകയും ചെയ്യുന്നുവെങ്കിലോ,

ഇടവിട്ടുള്ള പ്രകൃതമുള്ളതായി കരുതപ്പെടുന്നതല്ല.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''സമുചിതഗവൺമെൻറി''ന്,—

(1) (i) കേന്ദ്രഗവൺമെൻേറാ, അതിൻെറ പ്രാധികാരത്തിൻകീഴിലോ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും വ്യവസായത്തെ സംബന്ധിച്ചുള്ളതോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറ് ഇതിലേക്കു വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയന്ത്രിതവ്യവസായത്തെ സംബന്ധിച്ചുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ, അല്ലെങ്കിൽ

(ii) ഏതെങ്കിലും റയിൽവേയുടേയോ കൻേറാൺമെൻറ് ബോർഡിൻേറയോ, വൻകിട തുറമുഖത്തിൻേറയോ, ഖനിയുടേയോ എണ്ണപ്പാടത്തിൻേറയോ ഏതെങ്കിലും സ്ഥാപനമോ, അല്ലെങ്കിൽ

(iii) ഒരു ബാങ്കിങ്ങ് കമ്പനിയുടേയോ ഇൻഷ്വറൻസ് കമ്പനിയുടേയോ ഏതെങ്കിലും സ്ഥാപനമോ,

സംബന്ധിച്ച്, കേന്ദ്രഗവൺമെൻറ് എന്നും,

(2) മറേറതെങ്കിലും സ്ഥാപനം സംബന്ധിച്ച്, ഏതു സ്റേററിലാണോ ആ മറേറസ്ഥാപനം സ്ഥിതിചെയ്യുന്നത്, ആ സ്റേററിലെ ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നു.

(ഖ) ഒരു കൺട്രാക്ററോ കൺട്രാക്ററർ മുഖേനയോ, ഒരു തൊഴിലാളിയെ ഒരു സ്ഥാപനത്തിലെ പ്രവൃത്തിയിലോ പ്രവൃത്തിസംബന്ധിച്ചോ മുഖ്യനിയോജകൻെറ അറിവോടുകൂടിയോ കൂടാതെയോ കൂലിക്ക് ഏർപ്പെടുത്തുമ്പോൾ, ആ തൊഴിലാളി, ആ പ്രവൃത്തിയിലോ പ്രവൃത്തിസംബന്ധിച്ചോ ''കാൺട്രാക്ററ് തൊഴിലാളി'' ആയി നിയോജിക്കപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

(ഗ) ''കൺട്രാക്ററർ''ക്ക്, ഒരു സ്ഥാപനം സംബന്ധിച്ച്, അങ്ങനെയുള്ള സ്ഥാപനത്തിനുള്ള കേവലം സാമാനങ്ങളുടേയോ, നിർമ്മിതസാധനങ്ങളുടേയോ സപ്ലൈയല്ലാത്ത ഒരു നിശ്ചിതഫലം ആ സ്ഥാപനത്തിന് കാൺട്രാക്ററ് തൊഴിലാളികൾ മുഖേന ഉണ്ടാക്കിക്കൊടുക്കാമെന്ന് ഏലക്കുകയോ, ആ സ്ഥാപനത്തിൻെറ ഏതെങ്കിലും പ്രവൃത്തിക്ക് കാൺട്രാക്ററ്

തൊഴിലാളികളെ സപ്ലൈചെയ്യുകയോ ചെയ്യുന്ന ആരം എന്നർത്ഥമാകുന്നതും, അതിൽ സബ് കൺട്രാക്ടർ ഉൾപ്പെടുന്നതും ആകുന്നു.

(ഘ) ''നിയന്ത്രിതവ്യവസായ''ത്തിന്, യൂണിയനാലുള്ള ഏതു വ്യവസായത്തിന്റെ നിയന്ത്രണമാണോ പൊതുതാത്പര്യത്തിന് സമീചീനമാണെന്ന് ഏതെങ്കിലും കേന്ദ്ര ആക്ട് പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള വ്യവസായം എന്നർത്ഥമാകുന്നു.

(ങ) ''സ്ഥാപന''ത്തിന്—

(i) ഗവൺമെന്റിന്റേയോ, ഒരു തദ്ദേശാധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും ആഫീസോ, വകുപ്പോ; അല്ലെങ്കിൽ

(ii) ഏതെങ്കിലും വ്യവസായമോ, വ്യാപാരമോ ബിസിനസ്സോ, നിർമ്മാണമോ, ജീവനമോ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും സ്ഥലമോ,

എന്നർത്ഥമാകുന്നു;

(ച) ''നിർണ്ണയിക്കപ്പെടുന്ന'' എന്നതിന്, ഈ ആക്ടിൻകീഴിൽ ഉണ്ടാകുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഛ) ''മുഖ്യനിയോജക''ന്,

(i) ഗവൺമെന്റിന്റേയോ ഒരു തദ്ദേശാധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും ആഫീസോ വകുപ്പോ സംബന്ധിച്ച്, ആ ആഫീസിലെ മേധാവിയോ വകുപ്പിന്റെ അദ്ധ്യക്ഷനോ അല്ലെങ്കിൽ, അതതുസംഗതിപോലെ, ഗവൺമെന്റോ തദ്ദേശാധികാരസ്ഥാനമോ ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മററു ഉദ്യോഗസ്ഥനോ എന്നും;

(ii) ഒരു ഫാക്ടറിയിൽ, ആ ഫാക്ടറിയുടെ ഉടമസ്ഥനോ കൈവശക്കാരനോ എന്നും, ഫാക്ടറി ആക്ട്, 1948-ൻ കീഴിൽ ഫാക്ടറിയുടെ മാനേജർ ആയി ഒരാരം പേർപറയപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെ പേർപറയപ്പെട്ടിട്ടുള്ള ആരം എന്നും;

(iii) ഒരു ഖനിയിൽ, ആ ഖനിയുടെ ഉടമസ്ഥനോ ഏജന്റോ എന്നും, ആ ഖനിയുടെ മാനേജരായി ഒരാരം പേർ പറയപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെ പേർ പറയപ്പെട്ടിട്ടുള്ള ആരം എന്നും;

(iv) മറേറതെങ്കിലും സ്ഥാപനത്തിൽ, ആ സ്ഥാപനത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും ഉത്തരവാദിയായ ഏതെങ്കിലും ആരം എന്നും,

അർത്ഥമാകുന്നു.

വിശദീകരണം.—ഈ ഖണ്ഡത്തിലെ (iii)-ാം ഉപഖണ്ഡത്തിന്റെ ആവശ്യത്തിന് ''ഖനി'', ''ഉടമസ്ഥൻ'', ''ഏജന്റ്'' എന്നീ പദങ്ങരംക്ക് ഖനികരം ആക്ട്, 1952 (1952-ലെ 35) -ന്റെ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിലെ (ഞ) ഖണ്ഡത്തിനും, (ഠ) ഖണ്ഡത്തിനും (ഗ) ഖണ്ഡത്തിനും യഥാക്രമം അവയ്ക്കു നല്കിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ജ) ''കൂലി''ക്ക്, കൂലികൊടുക്കൽ ആക്ട്, 1936 (1936-ലെ 4)-ലെ 2-ാം വകുപ്പ്, (vi)-ാം ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഡ) "തൊഴിലാളി"യ്ക്ക്, നിയോജനനിബന്ധനകൾ, പ്രകടമോ വ്യംഗ്യമോ ആയാലും, ഏതെങ്കിലും സ്ഥാപനത്തിലെ പ്രവൃത്തിയിലോ പ്രവൃത്തി സംബന്ധിച്ചോ, കൂലിക്കോ പ്രതിഫലത്തിൻമേലോ, വിദഗ്ദ്ധമോ അർദ്ധവിദഗ്ദ്ധമോ അവിദഗ്ദ്ധമോ ശാരീരികമോ മേൽനോട്ടം സംബന്ധിച്ചതോ സാങ്കേതികമോ ക്ലാർക്കിൻേറതോ ആയ ഏതെങ്കിലും പ്രവൃത്തിചെയ്യാൻ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും, എന്നാൽ അതിൽ, അങ്ങനെയുള്ളതും—

(ക) മുഖ്യമായി മാനേജരുടേയോ ഭരണകർത്താവിൻേറയോ നിലയിൽ നിയോജിക്കപ്പെടുന്നവനോ; അല്ലെങ്കിൽ

(ഖ) മേൽനോട്ടക്കാരൻ എന്ന നിലയിൽ നിയോജിക്കപ്പെട്ടിരിക്കെ പ്രതിമാസം അഞ്ഞൂറ് രൂപയിൽ കവിയുന്ന കൂലിവാങ്ങുകയോ അല്ലെങ്കിൽ ആ ഉദ്യോഗത്തോട് അനുബന്ധിച്ചിട്ടുള്ള കർത്തവ്യങ്ങളുടെ പ്രകൃതത്താലോ, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ കാരണമായോ, മുഖ്യമായി മാനേജരുടേതിൻെറ പ്രകൃതത്തോടുകൂടിയ ചുമതലകൾ നിർവഹിക്കുകയോ ചെയ്യുന്നവനോ; അല്ലെങ്കിൽ

(ഗ) ഒരു പുറംപ്രവൃത്തിക്കാരൻ, അതായത് മുഖ്യനിയോജകനോ അയാൾക്കുവേണ്ടിയോ ആർക്കാണോ അയാളുടെ വ്യാപാരത്തിൻേറയോ ബിസിനസ്സിൻേറയോ ആവശ്യങ്ങൾക്കായി ഏതെങ്കിലും സാധനങ്ങളോ പദാർത്ഥങ്ങളോ വില്പനയ്ക്കുവേണ്ടി സജ്ജീകരിക്കുകയോ വൃത്തിയാക്കുകയോ കഴുകുകയോ വ്യത്യാസപ്പെടുത്തുകയോ അലങ്കരിക്കുകയോ മിനുക്കുപണിചെയ്യുകയോ റിപ്പയർ ചെയ്യുകയോ അനുരൂപമാക്കുകയോ, അല്ലെങ്കിൽ മററു വിധത്തിൽ പ്രക്രിയയ്ക്കു വിധേയമാക്കുകയോ ചെയ്യാനായി നല്കുകയും, ആ പ്രക്രിയ പുറംപ്രവൃത്തിക്കാരൻെറ വീട്ടിൽ വച്ചോ അല്ലെങ്കിൽ മുഖ്യനിയോജകൻെറ നിയന്ത്രണത്തിനോ മാനേജ്മെൻറിനോ കീഴിലുള്ളതല്ലാത്ത മററുവല്ല കെട്ടിട പരിസരങ്ങളിൽ വച്ചോ ചെയ്യാനുള്ളതായിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഒരാൾ ആയിട്ടുള്ളവനോ,

ആയതുമായ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(2) ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെക്കുറിച്ചുള്ള ഈ ആക്ററിലെ ഏതെങ്കിലും പരാമർശത്തിന്, ആ സ്റേററിനെ സംബന്ധിച്ച്, ആ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയനിയമം വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം II

## ഉപദേശക ബോർഡുകൾ

3. <u>കേന്ദ്ര ഉപദേശക ബോർഡ്</u>.—(1) കേന്ദ്ര ഗവൺമെൻറ്, ആകുന്നത്രവേഗത്തിൽ, (ഇതിൽ ഇതിനുശേഷം കേന്ദ്ര ബോർഡ് എന്ന് പരാമർശിക്കപ്പെടുന്ന) കേന്ദ്ര ഉപദേശക കാൺട്രാക്ററ് തൊഴിലാളി ബോർഡ് എന്നു പേർ പറയപ്പെടേണ്ട ഒരു ബോർഡ്, ഈ ആക്ററിൻെറ പ്രശാസനത്തിൽനിന്നുദ്ഭവിക്കുന്നതും, കേന്ദ്ര ഗവൺമെൻറിന് റഫർ ചെയ്യുന്നതുമായ വിഷയങ്ങ

ളിൽ അതിനെ ഉപദേശിക്കുകയും, ഈ ആക്ററിൻകീഴിൽ ബോർഡിനു നല്കുന്ന മററു ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനായി സംവിധാനം ചെയ്യേണ്ടതാകുന്നു.

(2) കേന്ദ്ര ബോർഡ്—

(ക) കേന്ദ്ര ഗവൺമെൻറ് നിയമിക്കുന്ന ചെയർമാനും;

(ഖ) എക്സ് അഫിഷ്യോ ആയി മുഖ്യ തൊഴിൽ കമ്മീഷണറും (കേന്ദ്ര);

(ഗ) പതിനേഴിൽ കവിയാതേയും, എന്നാൽ പതിനൊന്നിൽ കുറയാതെയും കേന്ദ്രഗവൺമെൻറ്, ആ ഗവൺമെൻറിനേയും റയിൽവേയേയും, കല്ക്കരിവ്യവസായത്തേയും, ഖനനവ്യവസായത്തേയും, കൺട്രാക്ററർമാരെയും, തൊഴിലാളികളേയും, കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ കേന്ദ്ര ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ട മറേറതെങ്കിലും താത്പര്യങ്ങളേയും പ്രതിനിധാനം ചെയ്യുന്നതിനു നാമനിർദ്ദേശം ചെയ്യുന്നത്ര അംഗങ്ങളും,

അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഭാഗങ്ങളിൽ ഓരോന്നിലും നിന്ന് അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, കേന്ദ്ര ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, മററു സേവനവ്യവസ്ഥകളും, അവരുടെ ചുമതലകൾ നിർവഹിക്കുന്നതിന്, അനുവർത്തിക്കേണ്ട നടപടിക്രമവും, അവരുടെ ഇടയിലെ ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും നിർണ്ണയിക്കപ്പെടുന്നതുപോലെ ആയിരിക്കേണ്ടതാകുന്നു:

എന്നാൽ, തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം, മുഖ്യനിയോജകൻമാരേയും കൺട്രാക്ററർമാരേയും പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണത്തിൽ കുറവായിരിക്കാൻ പാടുള്ളതല്ല.

4. <u>സ്റേററ് ഉപദേശകബോർഡ്</u>.—(1) സ്റേററ് ഗവൺമെൻറിനു (ഇതിൽ ഇതിനുശേഷം സ്റേററ് ബോർഡ് എന്നു പരാമർശിക്കപ്പെടുന്ന) സ്റേററ് ഉപദേശക കൺട്രാക്ററ് തൊഴിലാളി ബോർഡ് എന്ന് പേർ പറയപ്പെടേണ്ട ഒരു ബോർഡ് ഈ ആക്ററിൻെറ പ്രശാസനത്തിൽ നിന്ന് ഉദ്ഭവിക്കുന്നതും സ്റേററ് ഗവൺമെൻറിന് റഫർ ചെയ്യുന്നതുമായ വിഷയങ്ങളിൽ അതിനെ ഉപദേശിക്കുകയും ഈ ആക്ററിൻകീഴിൽ ബോർഡിന് നല്കുന്ന മററു ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനായി സംവിധാനം ചെയ്യാവുന്നതാണ്.

(2) സ്റേററ് ബോർഡ്—

(ക) സ്റേററ് ഗവൺമെൻറ് നിയമിക്കുന്ന ചെയർമാനും;

(ഖ) എക്സ് അഫിഷ്യോ ആയി തൊഴിൽ കമ്മീഷണറും അല്ലെങ്കിൽ അയാളുടെ അഭാവത്തിൽ, സ്റേററ് ഗവൺമെൻറ് ഇതിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനും;

(ഗ) പതിനൊന്നിൽ കവിയാതേയും എന്നാൽ ഒമ്പതിൽ കുറയാതേയും സ്റേററ് ഗവൺമെൻറ്, ആ ഗവൺമെൻറിനേയും വ്യവസായത്തേയും കൺട്രാക്ററർമാരേയും തൊഴിലാളികളേയും, സ്റേററ് ഗവൺമെൻറിൻെറ അഭിപ്രായത്തിൽ സ്റേററ് ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ട മറേറതെങ്കിലും താത്പര്യങ്ങളേയും പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യുന്നത്ര അംഗങ്ങളും,

അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഭാഗങ്ങളിൽ ഓരോന്നിലും നിന്ന് അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, സ്റ്റേററ് ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മററുസേവന വ്യവസ്ഥകളും, അവരുടെ ചുമതലകഠം നിർവ്വഹിക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമവും, അവരുടെ ഇടയിലെ ഒഴിവുകഠം പൂരിപ്പിക്കുന്ന രീതിയും, നിർണ്ണയിക്കപ്പെടുന്നതുപോലെ ആയിരിക്കേണ്ടതാണ്:

എന്നാൽ, തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം, മുഖ്യനിയോജകൻമാരേയും കാൺട്രാക്ററർമാരേയും പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണത്തിൽ കുറവായിരിക്കാൻ പാടുള്ളതല്ല.

5. കമ്മിററികഠം സംവിധാനം ചെയ്യാനുള്ള അധികാരം.—(1) അതതു സംഗതിപോലെ, കേന്ദ്രബോർഡിനോ സ്റ്റേററ് ബോർഡിനോ യുക്തമെന്നു തോന്നുന്ന കമ്മിററികഠം യുക്തമെന്നുതോന്നുന്ന ആവശ്യത്തിന്നോ ആവശ്യങ്ങഠക്കോ ആയി സംവിധാനം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സംവിധാനം ചെയ്യപ്പെടുന്ന കമ്മിററി, നിർണ്ണയിക്കപ്പെടുന്ന സമയങ്ങളിലും സ്ഥലങ്ങളിലും യോഗം കൂടുകയും, അതിൻെറ യോഗങ്ങളിൽ ബിസിനസ്സ് നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന നടപടിക്രമച്ചട്ടങ്ങഠം അനുവർത്തിക്കുകയും ചെയ്യേണ്ടതാണ്.

(3) കമ്മിററിയിലെ അംഗങ്ങഠക്ക്, അതിൻെറ യോഗങ്ങളിൽ ഹാജരാകുന്നതിന്, നിർണ്ണയിക്കപ്പെടുന്ന ഫീസും ബത്തകളും കൊടുക്കേണ്ടതാണ്:

എന്നാൽ, ഗവൺമെൻറിൻേറയോ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ സ്ഥാപിതമായിട്ടുള്ള ഏതെങ്കിലും ഏകാംഗയോഗത്തിൻേറയോ ഉദ്യോഗസ്ഥനായ ഒരു അംഗത്തിന് യാതൊരു ഫീസും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

## അദ്ധ്യായം III

## കൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

6. രജിസ്ററിങ്ങ് ഉദ്യോഗസ്ഥൻമാരുടെ നിയമനം.—സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവു വഴി,—

(ക) യുക്തമെന്നു തോന്നുന്നവരും ഗസററഡ് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുമായ ആളുകളെ ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങഠക്ക് രജിസ്ററിങ്ങ് ഉദ്യോഗസ്ഥൻമാരായിരിക്കാൻ നിയമിക്കുകയും;

(ഖ) ഏത് അതിർത്തികഠക്കുള്ളിലാണോ ഒരു രജിസ്ററിങ്ങ് ഉദ്യോഗസ്ഥൻ, തനിക്ക് ഈ ആക്ററിനാലോ ആക്ററിൻകീഴിലോ നല്കപ്പെടുന്ന അധികാരങ്ങഠം പ്രയോഗിക്കേണ്ടത്, ആ അതിർത്തികഠം നിർവ്വചിക്കുകയും,

ചെയ്യാവുന്നതാണ്.

7. ചില സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനത്തിൻെറ ഏതൊരു മുഖ്യനിയോജകനും, സ്ഥാപനങ്ങഠം സംബന്ധിച്ച് സാമാന്യമായോ അല്ലെങ്കിൽ അവയിൽ ഏതെങ്കിലും തരം സംബന്ധിച്ചോ സമുചിത ഗവൺമെൻറ് ഇതിലേക്കു ഔദ്യോഗിക ഗസററിൽ

വിജ്ഞാപനം വഴി നിജപ്പെടുത്തുന്ന കാലാവധിക്കുള്ളിൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷന്, രജിസ്റ്ററിങ്ങ് ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപേക്ഷ കൊടുക്കേണ്ടതാകുന്നു:

എന്നാൽ, രജിസ്റ്ററിങ്ങ് ഉദ്യോഗസ്ഥന്, അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ, അപേക്ഷകൻ സമയത്ത് അപേക്ഷ കൊടുക്കുന്നതിൽനിന്ന് മതിയായ കാരണത്താൽ തടയപ്പെട്ടു എന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ഇതിലേയ്ക്കു നിജപ്പെടുത്തിയ കാലാവധി കഴിഞ്ഞതിനുശേഷം സ്വീകരിക്കാവുന്നതാണ്.

(2) രജിസ്ട്രേഷനുള്ള അപേക്ഷ എല്ലാപ്രകാരത്തിലും പൂർത്തിയായതാണെങ്കിൽ രജിസ്റ്ററിങ്ങ് ഉദ്യോഗസ്ഥൻ, സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതും, സ്ഥാപനത്തിന്റെ മുഖ്യനിയോജകന്, നിർണ്ണയിക്കപ്പെടുന്ന വിവരങ്ങളടങ്ങിയ രജിസ്ട്രേഷൻ സർട്ടിഫിക്കററ് നല്കേണ്ടതും ആകുന്നു.

8 ചില സംഗതികളിൽ രജിസ്ട്രേഷൻ പിൻവലിക്കുന്നത്.—തന്നോട് ഇതിലേക്ക് ചെയ്യുന്ന റഫറൻസിൻമേലോ അല്ലെങ്കിൽ മററുവിധത്തിലോ ഏതെങ്കിലും സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ഏതെങ്കിലും സാരമായ വസ്തുത, തെറ്റിദ്ധരിപ്പിച്ചതിനാലോ മൂടിവച്ചതിനാലോ നേടിയിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ ഉപയോഗശൂന്യമാവുകയോ പ്രഭാവശൂന്യമാവുകയോ ചെയ്തിരിക്കുകയും, അതുകൊണ്ട് അതു പിൻവലിക്കേണ്ടിയിരിക്കുകയുംചെയ്യുന്നുവെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ രജിസ്റ്ററിങ്ങ് ഉദ്യോഗസ്ഥന്, സ്ഥാപനത്തിന്റെ മുഖ്യനിയോജകന്, പറയാനുള്ളതു പറയാൻ അവസരം നല്കിയതിനുശേഷവും സമുചിത ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, രജിസ്ട്രേഷൻ പിൻവലിക്കാവുന്നതാണ്.

9. രജിസ്റ്റർ ചെയ്യാത്തതിന്റെ പ്രഭാവം.— ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനത്തിന്റെ യാതൊരു മുഖ്യനിയോജകനും,—

(ക) 7-ാം വകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ടതും, എന്നാൽ ആ വകുപ്പിൻകീഴിൽ അതിനുവേണ്ടി നിജപ്പെടുത്തിയ സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഒരു സ്ഥാപനത്തിന്റെ സംഗതിയിലും,

(ഖ) 8-ാംവകുപ്പിൻകീഴിൽ രജിസ്ട്രേഷൻ പിൻവലിച്ചിട്ടുള്ള സ്ഥാപനത്തിന്റെ സംഗതിയിലും,

അതതു സംഗതിപോലെ, (ക) ഖണ്ഡത്തിൽ പരാമർശിച്ച കാലാവധി കഴിഞ്ഞതിനുശേഷമോ, (ഖ) ഖണ്ഡത്തിൽ പരാമർശിച്ച രജിസ്ട്രേഷൻ പിൻവലിക്കലിനുശേഷമോ, ആ സ്ഥാപനത്തിൽ കാൺട്രാക്ററ് തൊഴിലാളികളെ നിയമിക്കാൻ പാടുള്ളതല്ല.

10. കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനത്തിന്റെ നിരോധനം.— (1) ഈ ആക്ററിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സമുചിതഗവൺമെന്റിന്, അതതുസംഗതിപോലെ, കേന്ദ്ര ബോർഡുമായോ സ്റേററ് ബോർഡുമായോ ആലോചിച്ചതിനുശേഷം, ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും പ്രക്രിയയിലോ പ്രവർത്തനത്തിലോ മററു പ്രവൃത്തിയിലോ കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിരോധിക്കാവുന്നതാണ്.

(2) ഒരു സ്ഥാപനം സംബന്ധിച്ച്, (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ് സമുചിതഗവൺമെന്റ്, ആ സ്ഥാപനത്തിലെ കാൺട്രാക്ററ് തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ജോലിനിബന്ധനകളും ആനുകൂല്യങ്ങളും,—

(ക) ആ പ്രക്രിയയോ, പ്രവർത്തനമോ മററു പ്രവൃത്തിയോ അ സ്ഥാപനത്തിൽ നടത്തിക്കൊണ്ടുപോകുന്ന വ്യവസായത്തോടോ, വ്യാപാരത്തോടോ, ബിസിനസ്സിനോടോ, നിർമ്മാണത്തോടോ, ജീവനത്തോടേ ആനുഷംഗികമായതോ, അതിന് ആവശ്യകമായതോ ആണോ;

(ഖ) അതു സ്ഥായിയായ പ്രകൃതത്തോടുകൂടിയതാണോ, അതായത്, ആ സ്ഥാപനത്തിൽ നടത്തിക്കൊണ്ടുപോകുന്ന വ്യവസായത്തിൻേറയോ വ്യാപാരത്തിൻേറയോ ബിസിനസ്സിൻേറയോ, നിർമ്മാണത്തിൻേറയോ, ജീവനത്തിൻേറയോ പ്രകൃതം പരിഗണിച്ച് മതിയായത്ര കാലദൈർഘ്യം ഉള്ളതാണോ;

(ഗ) അത്, ആ സ്ഥാപനത്തിലോ സദൃശസ്ഥാപനത്തിലോ സാധാരണമായി മുറയ്ക്കുള്ള തൊഴിലാളികൾ മുഖേന ചെയ്യുന്നതാണോ;

(ഘ) അതു ഗണ്യമായത്ര മുഴുവൻ സമയത്തൊഴിലാളികളെ നിയോജിക്കാൻ പര്യാപ്തമായതാണോ,

എന്നതുപോലെയുള്ള മററു പ്രസക്തസംഗതികളും പരിഗണിക്കേണ്ടതാകുന്നു.

വിശദീകരണം.—ഏതെങ്കിലും പ്രക്രിയയോ പ്രവർത്തനമോ, മററു പ്രവൃത്തിയോ സ്ഥായിയായ പ്രകൃതമുള്ളതാണോ എന്ന ഒരു പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, സമുചിതഗവൺമെൻറിൻെറ, അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## കൺട്രാക്ററർമാർക്ക് ലൈസെൻസ് നല്കുന്നത്

11. ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻമാരുടെ നിയമനം.—സമുചിതഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവു വഴി,—

(ക) യുക്തമെന്നു തോന്നുന്നവരും ഗവൺമെൻറ് ഗസററഡ് ഉദ്യോഗസ്ഥൻമാരുമായ ആളുകളെ, ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങൾക്ക് ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻമാരായിരിക്കാൻ നിയമിക്കുകയും;

(ഖ) ഏതു അതിർത്തികൾക്കുള്ളിലാണോ ഒരു ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻ ഈ ആക്ററിനാലോ ആക്ററിൻകീഴിലോ ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻമാർക്ക് നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കേണ്ടത്, ആ അതിർത്തികൾ നിർവ്വചിക്കുകയും,

ചെയ്യാവുന്നതാണ്.

12. കൺട്രാക്ററർമാർക്ക് ലൈസൻസ് നല്കുന്നത്.— (1) കാൺട്രാക്ററ് തൊഴിലാളികൾ മുഖേനയുള്ള ഏതെങ്കിലും പ്രവൃത്തി ഏല്ക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നതിലേക്ക് ലൈസൻസിങ്ങ് ഉദ്യോഗസ്ഥൻ നല്കുന്ന ഒരു ലൈസൻസിൻകീഴിലും ലൈസെൻസ് അനുസരിച്ചുമല്ലാതെ, ഈ ആക്ററ് ബാധകമാകുന്ന യാതൊരു കൺട്രാക്ററരും, അപ്രകാരം ഏല്ക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, ഇത് സമുചിതഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതല്ക്കുള്ള പ്രഭാവത്തോടുകൂടിയതായിരിക്കുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ ലൈസൻസിൽ, 35-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ, വല്ലതുമുണ്ടെങ്കിൽ, അതനുസരിച്ച്, ചുമത്തുന്നത് യുക്തമാണെന്നു സമുചിതഗവൺമെൻറ് കരുതുന്ന ഉപാധികൾ,

പ്രത്യേകിച്ചും, കാൺട്രാക്ററ് തൊഴിലാളികളെ സംബന്ധിച്ച പ്രവൃത്തിമണിക്കൂറുകളേയും കൂലി നിജപ്പെടുത്തലിനേയും മററു അവശ്യസുഖസൗകര്യങ്ങളേയും കുറിച്ചുള്ള ഉപാധികൾ ഉൾപ്പെടെ, അടങ്ങിയിരിക്കാവുന്നതും, അത് നിർണ്ണയിക്കപ്പെടുന്ന ഫീസ് വല്ലതുമുണ്ടെങ്കിൽ അതു കൊടുക്കുന്നതിൻമേലും ഉപാധികളുടെ യഥാവിധി നിർവ്വഹണത്തിന് ജാമ്യം ആയി നിർണ്ണയിക്കപ്പെടുന്ന തുക വല്ലതുമുണ്ടെങ്കിൽ അതു നിക്ഷേപിക്കുന്നതിൻമേലും നല്കേണ്ടതും, ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആണ്.

13. ലൈസൻസുകൾ നല്കുന്നത്.— (1) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ലൈസൻസ് നല്കുന്നതിനുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ കൊടുക്കേണ്ടതും, അതിൽ, സ്ഥാപനത്തിൻെറ സ്ഥാനം സംബന്ധിച്ച വിവരങ്ങളും, കാൺട്രാക്ററ് തൊഴിലാളികൾ നിയോജിക്കപ്പെടാനുള്ളത് ഏതു പ്രക്രിയക്കോ പ്രവർത്തനത്തിന്നോ പ്രവൃത്തിക്കോ ആണോ, ആ പ്രക്രിയയുടേയോ പ്രവർത്തനത്തിൻേറയോ പ്രവൃത്തിയുടേയോ പ്രകൃതവും നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളും അടങ്ങിയിരിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കിട്ടുന്ന അപേക്ഷ സംബന്ധിച്ച്, ലൈസൻസിങ്ങ് ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെടുന്ന അന്വേഷണം നടത്താവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്നതിൽ അയാൾ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതും ആകുന്നു.

(3) ഈ അദ്ധ്യായത്തിൻകീഴിൽ നല്കുന്ന ലൈസൻസ്, അതിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലത്തേയ്ക്ക് സാധുവായിരിക്കുന്നതും നിർണ്ണയിക്കപ്പെടുന്ന കാലത്തേയ്ക്കും ഫീസ് നല്കുന്നതിൻമേലും ഉപാധികളിൻമേലും അപ്പോഴപ്പോൾ പുതുക്കാവുന്നതും ആണ്.

14. ലൈസൻസുകൾ പിൻവലിക്കുന്നതും സസ്പെൻഡ് ചെയ്യുന്നതും, ഭേദഗതി ചെയ്യുന്നതും.— (1) ലൈസൻസിങ്ങ് ഉദ്യോഗസ്ഥന്, തന്നോട് ഇതിലേയ്ക്ക് ചെയ്യുന്ന റഫറൻസിൻമേലോ മററുവിധത്തിലോ,—

(ക) 12-ാം വകുപ്പിൻകീഴിൽ നല്കപ്പെട്ട ഒരു ലൈസൻസ്, ഏതെങ്കിലും സാരമായ വസ്തുത തെററിദ്ധരിപ്പിച്ചതിനാലോ, മൂടിവച്ചതിനാലോ നേടിയിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ

(ഖ) ലൈസൻസ് ധാരകൻ, ഏതു ഉപാധികൾക്കു വിധേയമായാണോ ലൈസൻസ് നല്കപ്പെട്ടിട്ടുള്ളത്, ആ ഉപാധികൾ ന്യായമായ കാരണം കൂടാതെ അനുസരിക്കാതെയിരുന്നിട്ടുണ്ടെന്നോ, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിച്ചിട്ടുണ്ടെന്നോ,

ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ലൈസൻസിങ്ങ് ഉദ്യോഗസ്ഥന് കാരണം കാണിക്കാൻ ലൈസൻസ്ധാരകന് അവസരം നല്കിയതിനുശേഷം, ലൈസൻസ് ധാരകൻ, ഈ ആക്ററിൻകീഴിൽ അർഹനായിരിക്കാവുന്ന മറേറതെങ്കിലും ദണ്ഡനത്തിന് ഭംഗം വരാത്തവിധം ലൈസൻസ് പിൻവലിക്കുകയോ സസ്പെൻഡ് ചെയ്യുകയോ, അല്ലെങ്കിൽ ഏതത് ഉപാധികൾക്ക് വിധേയമായാണോ ലൈസൻസ് നല്കിയിട്ടുള്ളത്, ആ ഉപാധികളുടെ യഥാവിധി നിർവഹണത്തിന് ജാമ്യമായി നിക്ഷേപിച്ചിട്ടുള്ള തുകകൾ, വല്ലതും ഉണ്ടെങ്കിൽ, അതോ അതിൻെറ ഏതെങ്കിലും ഭാഗമോ കണ്ടുകെട്ടുകയോ ചെയ്യാവുന്നതാണ്.

(2) ലൈസൻസിങ്ങ് ഉദ്യോഗസ്ഥന് 12-ാം വകുപ്പിൻകീഴിൽ നല്കപ്പെടുന്ന ലൈസൻസ് വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും, അത് ഇതിലേക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

15. അപ്പീലുകൾ.— (1) 7-ാം വകുപ്പിനോ, 8-ാം വകുപ്പിനോ, 12-ാം വകുപ്പിനോ, 14-ാം വകുപ്പിനോ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക് സമുചിതഗവൺമെൻറ് ഇതിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന ആൾ ആയിരിക്കേണ്ട ഒരു അപ്പീൽ ഉദ്യോഗസ്ഥന്, ആ ഉത്തരവ് സങ്കടക്കാരനെ അറിയിക്കുന്ന തീയതിമുതൽ മുപ്പതു ദിവസത്തിനകം, അപ്പീൽ കൊടുക്കാവുന്നതാണ്:

എന്നാൽ, അപ്പീൽവാദി സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിൽ നിന്ന് മതിയായ കാരണത്താൽ തടയപ്പെട്ടു എന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്പീൽ ഉദ്യോഗസ്ഥന് മുൻപറഞ്ഞ മുപ്പതു ദിവസക്കാലാവധി കഴിഞ്ഞതിനു ശേഷം, അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ കിട്ടുന്നതിൻമേൽ, അപ്പീൽ ഉദ്യോഗസ്ഥൻ, അപ്പീൽ വാദിക്ക് പറയാനുള്ളത് പറയാൻ അവസരം നല്കിയതിനുശേഷം കഴിയുന്നത്ര സത്വരമായി അപ്പീൽ തീർപ്പാക്കേണ്ടതാകുന്നു.

## അദ്ധ്യായം V

## കൺട്രാക്ററ് തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യവും

16. കാൻറീനുകൾ.— (1) സമുചിത ഗവൺമെൻറിന്,—

(ക) ഈ ആക്ററ് ബാധകമാകുന്നതും ;

(ഖ) കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനം ആവശ്യമുള്ള പ്രവൃത്തി, നിർണ്ണയിക്കപ്പെടുന്ന കാലത്തേയ്ക്ക് തുടരാനിടയുള്ളതും,

(ഗ) ഒരു കൺട്രാക്ററർ, നൂറോ അതിലധികമോ കാൺട്രാക്ററ് തൊഴിലാളികളെ സാധാരണമായി നിയോജിക്കുന്നതും,

ആയ ഏതൊരു സ്ഥാപനത്തിലും, ആ കാൺട്രാക്ററർ അങ്ങനെയുള്ള കാൺട്രാക്ററ് തൊഴിലാളികളുടെ ഉപയോഗത്തിനായി ഒന്നോ അതിലധികമോ കാൻറീനുകൾ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള ചട്ടങ്ങൾക്ക്,—

(ക) ഏതു തീയതിക്കകമാണോ കാൻറീനുകൾ ഏർപ്പെടുത്തേണ്ടത്, ആ തീയതിക്കകം ;

(ഖ) ഏർപ്പെടുത്തേണ്ട കാൻറീനുകളുടെ എണ്ണത്തിനും, കാൻറീനുകളുടെ നിർമ്മാണവും സ്ഥലസൗകര്യവും ഫർണിച്ചറും മററു സജ്ജീകരണങ്ങളും സംബന്ധിച്ച മാനകങ്ങൾക്കും ;

(ഗ) അവിടെ വിളമ്പുന്ന ഭക്ഷണപദാർത്ഥങ്ങൾക്കും, അവയ്ക്ക് എത്ര ചാർജ് ചെയ്യാമെന്നുള്ളതിനും ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

17. വിശ്രമമുറികൾ.— (1) കാൺട്രാക്ററ് തൊഴിലാളികൾ—

(ക) ഈ ആക്ററ് ബാധകമാകുന്നതും ;

(ഖ) കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനം ആവശ്യമുള്ള പ്രവൃത്തി നിർണ്ണയിക്കപ്പെടുന്ന കാലത്തേയ്ക്ക് തുടരാനിടയുള്ളതും ;

ആയ ഒരു സ്ഥാപനത്തിലെ പ്രവൃത്തി സംബന്ധിച്ച് രാത്രി താങ്ങേണ്ടതായിട്ടുള്ള ഏതൊരു സ്ഥലത്തും ആ കൺട്രാക്ററർ കാൺട്രാക്ററ് തൊഴിലാളികളുടെ ഉപയോഗത്തിനായി, നിർണ്ണയിക്കപ്പെടുന്നത്ര വിശ്രമമുറികളോ, നിർണ്ണയിക്കപ്പെടുന്ന മററു അനുയോജ്യമായ ആനുകല്പിക സ്ഥലസൗകര്യമോ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട വിശ്രമമുറികളോ ആനുകല്പികസൗകര്യങ്ങളോ പര്യാപ്തമായവിധം വെളിച്ചമുള്ളതും, വായുസഞ്ചാരമുള്ളതും ആയിരിക്കേണ്ടതും, വൃത്തിയായും സുഖപ്രദമായുമുള്ള നിലയിൽ നിലനിറുത്തേണ്ടതും ആകുന്നു.

18. <u>മററുസൗകര്യങ്ങൾ.</u>—(ക) കാൺട്രാക്ററ് തൊഴിലാളികൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ കുടിക്കാനുള്ള നല്ലവെള്ളം മതിയായിടത്തോളം നല്കാനുള്ള ഏർപ്പാടും,

(ഖ) സ്ഥാപനത്തിലെ കാൺട്രാക്ററ് തൊഴിലാളികൾക്ക്, സൗകര്യപ്രദവും പ്രാപ്യവുമായവിധം സ്ഥിതിചെയ്യുന്നവയും നിർണ്ണയിക്കപ്പെടുന്ന മാതൃകകളിലുള്ളവയുമായ മതിയായത്ര കക്കൂസുകളും, മൂത്രപ്പുരകളും ;

(ഗ) കഴുകൽ സൗകര്യങ്ങളും,

ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടത്, ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനത്തിലെ പ്രവൃത്തിസംബന്ധിച്ച് കാൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്ന ഏതൊരു കൺട്രാക്ററരുടേയും കർത്തവ്യമായിരിക്കുന്നതാണ്.

19. <u>പ്രഥമ ശുശ്രൂഷയ്ക്കുള്ള സൗകര്യങ്ങൾ.</u>— കൺട്രാക്ററർ, താൻ കാൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്ന ഏതൊരു സ്ഥലത്തും, നിർണ്ണയിക്കപ്പെടുന്ന ഉള്ളടക്കങ്ങളോടുകൂടി സജ്ജമാക്കിയിട്ടുള്ളതും, പ്രഥമ ശുശ്രൂഷയ്ക്കുള്ളതുമായ ഒരു പെട്ടി, എല്ലാ പ്രവൃത്തി മണിക്കൂറുകളിലും എളുപ്പത്തിൽ പ്രാപ്യമായിരിക്കത്തക്കവിധം ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

20. <u>ചില സംഗതികളിൽ മുഖ്യ നിയോജകൻെറ ബാദ്ധ്യത.</u>—(1) ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള കാൺട്രാക്ററ് തൊഴിലാളികളുടെ ഗുണത്തിനായി ഏർപ്പെടുത്താൻ 16-ാം വകുപ്പിനോ 17-ാം വകുപ്പിനോ 18-ാം വകുപ്പിനോ 19-ാം വകുപ്പിനോ കീഴിൽ ആവശ്യപ്പെടുന്ന ഏതെങ്കിലും സുഖസൗകര്യം, അതിനുവേണ്ടി നിർണ്ണയിച്ചിട്ടുള്ള സമയത്തിനുള്ളിൽ കൺട്രാക്ററർ ഏർപ്പെടുത്തുന്നില്ലെങ്കിൽ, അങ്ങനെയുള്ള സുഖസൗകര്യം മുഖ്യനിയോജകൻ, നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ ഏർപ്പെടുത്തേണ്ടതാകുന്നു,

(2) ആ സുഖസൗകര്യം ഏർപ്പെടുത്തുന്നതിൽ മുഖ്യനിയോജകന്, നേരിടുന്ന എല്ലാ ചെലവുകളും, മുഖ്യനിയോജകൻ കൺട്രാക്ററിൽനിന്നും, ഏതെങ്കിലും കാൺട്രാക്ററിൻകീഴിൽ കൺട്രാക്ററർക്ക് കൊടുക്കാനുള്ള ഏതെങ്കിലും തുകയിൽനിന്നും കിഴിവുചെയ്തോ അല്ലെങ്കിൽ കൺട്രാക്ററിൽനിന്ന് കിട്ടാനുള്ള കടം എന്ന നിലയിലോ വസൂലാക്കാവുന്നതാണ്.

21. <u>കൂലികൊടുക്കാനുള്ള ഉത്തരവാദിത്വം.</u>—(1) കാൺട്രാക്ററ് തൊഴിലാളിയായി താൻ നിയോജിക്കുന്ന ഏതൊരു തൊഴിലാളിക്കും, കൂലി കൊടുക്കാൻ കൺട്രാക്ററർ ഉത്തരവാദിയായിരിക്കുന്നതും, അങ്ങനെയുള്ള കൂലി നിർണ്ണയിക്കപ്പെടുന്ന കാലാവധി കഴിയുന്നതിനുമുമ്പ് കൊടുക്കേണ്ടതുമാകുന്നു.

(2) ഏതൊരു മുഖ്യനിയോജകനും, താൻ മുറപ്രകാരം പ്രാധികാരപ്പെടുത്തുന്ന ഒരു പ്രതിനിധിയെ, കൺട്രാക്ററർ കൂലിവിതരണംചെയ്യുന്ന സമയത്ത് സന്നിഹിതനായിരിക്കുന്നതിന് നാമനിർദ്ദേശം ചെയ്യേണ്ടതും, കൂലിയായി കൊടുക്കുന്ന തുകകഠം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സർട്ടിഫൈചെയ്യേണ്ടത്, അങ്ങനെയുളള പ്രതിനിധിയുടെ കർത്തവ്യം ആയിരിക്കുന്നതും ആണ്.

(3) മുഖ്യനിയോജകൻ പ്രാധികാരപ്പെടുത്തുന്ന പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ, കൂലി വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുന്നത് കൺട്രാക്ററുടെ കർത്തവ്യം ആയിരിക്കുന്നതാണ്.

(4) കൺട്രാക്ററർ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കൂലി കൊടുക്കാതിരിക്കുകയോ, അല്ലെങ്കിൽ മുഴുവൻ കൊടുക്കാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, അതതു സംഗതിപോലെ, മുഴുവൻ കൂലിയോ കൊടുക്കാനുള്ള ബാക്കിയോ, കൺട്രാക്ററർ നിയോജിക്കുന്ന കൺട്രാക്ററ് തൊഴിലാളികഠക്ക് കൊടുക്കുകയും അപ്രകാരം കൊടുക്കുന്ന തുക കൺട്രാക്റററിൽ നിന്ന്, ഏതെങ്കിലും കാൺട്രാക്റററിൻകീഴിൽ കൺട്രാക്റററർക്ക് കൊടുക്കാനുള്ള തുകയിൽനിന്നു കിഴിവ് ചെയ്തോ, അല്ലെങ്കിൽ കൺട്രാക്റററിൽനിന്ന് കിട്ടാനുള്ള കടം എന്ന നിലയിലോ വസൂലാക്കുകയും ചെയ്യാൻ മുഖ്യനിയോജകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

## അദ്ധ്യായം VI

## ദണ്ഡനങ്ങളും നടപടിക്രമവും

22. തടസ്സങ്ങഠം.—(1) ഒരു ഇൻസ്പെക്ററെ ഈ ആക്ററിൻകീഴിൽ തൻെറ കർത്തവ്യങ്ങഠം നിർവ്വഹിക്കുന്നതിൽ തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനത്തേയോ കൺട്രാക്ററരേയോ സംബന്ധിച്ച്, ഈ ആക്ററിനാലോ ആക്ററിൻകീഴിലോ പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ഇൻസ്പെക്ഷനോ, പരിശോധനയോ, അന്വേഷണവിചാരണയോ, അന്വേഷണമോ നടത്തുന്നതിന് ഇൻസ്പെക്ടർക്ക് ന്യായമായ ഏതെങ്കിലും സൗകര്യം നല്കാൻ വിസമ്മതിക്കുകയോ, നല്കുന്നതിൽ മനഃപൂർവ്വം ഉപേക്ഷവരുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ ആക്ററിന് അനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററോ മറേറതെങ്കിലും രേഖയോ ഒരു ഇൻസ്പെക്ററർ ആവശ്യപ്പെടുന്നതിൻമേൽ ഹാജരാക്കാൻ മനഃപൂർവ്വം വിസമ്മതിക്കുകയോ, അല്ലെങ്കിൽ ഈ ആക്ററിൻ കീഴിലെ തൻെറ കർത്തവ്യങ്ങഠംക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ഒരു ഇൻസ്പെക്റററുടെ മുമ്പിൽ ഹാജരാകുന്നതിൽനിന്നോ ഇൻസ്പെക്ററരാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും ആളെതടയുകയോ തടയാൻ ശ്രമിക്കുകയോ, തടയാൻ ഇടയുള്ളതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള എന്തെങ്കിലും ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂററ് രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

23. കൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്നതുസംബന്ധിച്ച വ്യവസ്ഥകളുടെ ഉല്ലംഘനം.—കാൺട്രാക്ററ് തൊഴിലാളികളുടെ നിയോജനം നിരോധിക്കുന്നതോ, പരിമിതിപ്പെടുത്തുന്നതോ, ക്രമപ്പെടുത്തുന്നതോ ആയ, ഈ

ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുകയോ, അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ നല്കുന്ന ലൈസൻസിന്റെ ഏതെങ്കിലും ഉപാധി ഉല്ലംഘിക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ, രണ്ടുംകൂടിയോ നല്കിയും, തുടർച്ചയായ ഉല്ലംഘനത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ ഉല്ലംഘനത്തിനുള്ള കുററസ്ഥാപനത്തിനുശേഷം, അങ്ങനെയുള്ള ഉല്ലംഘനം തുടരുന്ന ഏതൊരു ദിവസത്തേയ്ക്കും നൂറ് രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കിയും ശിക്ഷിക്കപ്പെടുന്നതാകുന്നു.

24. <u>മററുകുററങ്ങൾ</u>.—ഏതെങ്കിലും ആൾ ഈ ആക്റ്റിലേയോ ഇതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുകയും, അതിന് മറെറാരിടത്തും മററു യാതൊരു ദണ്ഡനവും വ്യവസ്ഥചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാൾ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

25. <u>കമ്പനികളാലുള്ള കുററങ്ങൾ</u>.—(1) ഈ ആക്റ്റിൻകീഴിൽ കുററം ചെയ്യുന്ന ആൾ കമ്പനിയാണെങ്കിൽ, കമ്പനിക്കുപുറമെ, കുററംചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും അതനുസരിച്ച്, എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടേയോ, മാനേജിങ്ങ് ഏജൻറിന്റേയോ, മററു ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ കുററം ചെയ്തിട്ടുള്ളത്, അയാളുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ററോ, മാനേജരോ, മാനേജിങ്ങ് ഏജൻറോ മററ് ഉദ്യോഗസ്ഥനോ കൂടി, ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

26. കുററങ്ങരം നടപടിക്കെടുക്കുന്നത്.— യാതൊരു കോടതിയും ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ഇൻസ്പെക്ററോ ഇൻസ്പെക്ററുടെ ലിഖിതമായ മുൻ അനുമതിയോടുകൂടിയോ കൊടുക്കുന്ന പരാതിയിൻമേലൊഴികെ നടപടിക്കെടുക്കാൻ പാടില്ലാത്തതും, പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേററിൻേറയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടില്ലാത്തതും ആകുന്നു.

27. പ്രാസിക്യൂഷനുകരംക്കുള്ള കാലഹരണം.— യാതൊരു കോടതിയും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, അതിനെക്കുറിച്ചുള്ള പരാതി, പറയപ്പെടുന്ന കുററം ചെയ്തത് ഇൻസ്പെക്ററുടെ അറിവിൽ വന്ന തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം, നടപടിക്ക് എടുക്കാൻ പാടുള്ളതല്ല:

എന്നാൽ, കുററം, ഇൻസ്പെക്ററർ ചെയ്ത ലിഖിതമായ ഉത്തരവ് അനുസരിക്കാതിരിക്കൽ ആയിരിക്കുന്നിടത്ത്, അതിനെക്കുറിച്ചുള്ള പരാതി, കുററം ചെയ്തതായി പറയുന്ന തീയതിതൊട്ട് ആറുമാസത്തിനുള്ളിൽ കൊടുക്കാവുന്നതാണ്.

## അദ്ധ്യായം VII

## പലവക

28. ഇൻസ്പെക്ടിങ്ങ് സ്ററാഫ്.—(1) സമുചിത ഗവൺമെൻറിന്, യുക്തമെന്നു തോന്നുന്ന ആളുകളെ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങരംക്ക് ഇൻസ്പെക്ററർമാരായി നിയമിക്കുകയും, അവർ, ഈ ആക്ററിൻകീഴിലെ തങ്ങളുടെ അധികാരങ്ങരം പ്രയോഗിക്കേണ്ട തദ്ദേശാതിർത്തികരം നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(2) ഇൻസ്പെക്ടർക്ക്, ഇതിലേക്ക് ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങരംക്ക് വധേയമായി, താൻ നിയമിക്കപ്പെട്ടിട്ടുള്ള തദ്ദേശാതിർത്തികരംക്കുള്ളിൽ—

(ക) ന്യായമായ എല്ലാ മണിക്കൂറുകളിലും, ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ മററു പബ്ലിക്ക് അധികാരസ്ഥാനത്തിൻേറയോ സർവ്വീസിലുള്ള ആളുകളായ യുക്തമെന്നു തോന്നുന്ന അസിസ്ററൻറുമാരോടുകൂടി (വല്ലവരും ഉണ്ടെങ്കിൽ) കാൺട്രാക്ററ് തൊഴിലാളികളെ നിയോജിക്കുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ, സ്ഥലത്തോ, ഈ ആക്ററോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ അവയ്ക്ക് കീഴിലോ വച്ചുപോരുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാനാവശ്യപ്പെടുന്ന ഏതെങ്കിലും രജിസ്ററോ, റിക്കാർഡോ, നോട്ടീസുകളോ പരിശോധിക്കുന്നതിനുവേണ്ടി പ്രവേശിക്കുകയും അവ ഇൻസ്പെക്ഷന് ഹാജരാക്കാൻ ആവശ്യപ്പെടുകയും;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ഥലത്തോ കാണപ്പെടുകയും അതിൽ നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളി ആണെന്ന് വിശ്വസിക്കാൻ ന്യായമായ കാരണം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളെ, വിസ്തരിക്കുകയും;

(ഗ) പ്രവൃത്തി പുറമേയ്ക്ക് കൊടുക്കുന്ന ഏതെങ്കിലും ആളോടും, ഏതെങ്കിലും തൊഴിലാളിയോടും, ഏതു ആളുകരംക്കും ആളുകരംക്കുവേണ്ടിയും ആളുകളിൽനിന്നുമാണോ പ്രവൃത്തി പുറമേ കൊടുക്കുകയോ സ്വീകരിക്കുകയോ

പ്പെടുന്നത്, ആ ആളുകളുടെ പേരും മേൽവിലാസവും സംബന്ധിച്ചും പ്രവൃത്തിക്ക് കൊടുക്കേണ്ട കൂലിസംബന്ധിച്ചും അയാൾക്ക് നല്കാൻ കഴിവുള്ള ഏതെങ്കിലും വിവരം നല്കാൻ ആവശ്യപ്പെടുകയും;

(ഘ) മുഖ്യനിയോജകനോ കൺട്രാക്ററോ ചെയ്തിട്ടുള്ളതായി തനിക്കു വിശ്വസിക്കാൻ കാരണമുള്ള, ഈ ആക്ററിൻകീഴിലെ ഒരു കുററംസംബന്ധിച്ച് പ്രസക്തമാണെന്ന് താൻ കരുതുന്ന രജിസ്ററോ കൂലിയുടെ റിക്കാർഡുകളോ നോട്ടീസുകളോ അവയുടെ ഭാഗങ്ങളോ പിടിച്ചെടുക്കുകയോ, അവയുടെ പകർപ്പുകൾ എടുക്കുകയോ ചെയ്യുകയും;

(ങ) നിർണ്ണയിക്കപ്പെടുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കുകയും, ചെയ്യാവുന്നതാണ്.

(3) ഏതത് ആളോടാണോ (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും രേഖയോ സാധനമോ ഹാജരാക്കാനോ, അല്ലെങ്കിൽ ഇൻസ്പെക്ററർ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരം നല്കാനോ, ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ആൾ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 175-ാം വകുപ്പിൻേറയും 176-ാം വകുപ്പിൻേറയും അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടുന്നതാകുന്നു.

(4) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നത്ര, (2)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ, അവ മുൻപറഞ്ഞ നിയമസംഹിതയിലെ 98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറിൻെറ പ്രാധികാരത്തിൻകീഴിൽ നടത്തുന്ന ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

29. <u>രജിസ്ററുകളും മററു റിക്കാർഡുകളും വച്ചുപോരണമെന്ന്.</u>— (1) ഏതൊരു മുഖ്യനിയോജകനും ഏതൊരു കൺട്രാക്ററും, നിയോജിക്കപ്പെടുന്ന കൺട്രാക്ററ് തൊഴിലാളികളുടേയും കാൺട്രാക്ററ് തൊഴിലാളികൾ നിർവ്വഹിക്കുന്ന പ്രവൃത്തിയുടെ പ്രകൃതത്തിൻേറയും, കാൺട്രാക്ററ് തൊഴിലാളികൾക്ക് കൊടുക്കുന്ന കൂലിയുടെ നിരക്കുകളുടേയും അങ്ങനെയുള്ള മററു സംഗതികളുടേയും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ നല്കുന്ന നിർണ്ണയിക്കപ്പെടുന്ന രജിസ്ററുകളും റിക്കാർഡുകളും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വച്ചുപോരേണ്ടതാകുന്നു.

(2) ഏതൊരു മുഖ്യനിയോജകനും ഏതൊരു കൺട്രാക്ററും, കാൺട്രാക്ററ് തൊഴിലാളികൾ നിയോജിക്കപ്പെടുന്ന സ്ഥാപനത്തിൻെറ കെട്ടിടപരിസരങ്ങളിൽ, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും പ്രവൃത്തി മണിക്കൂറുകളും ഡ്യൂട്ടിയുടെ പ്രകൃതവും നിർണ്ണയിക്കപ്പെടുന്ന മററുവിവരവും സംബന്ധിച്ച വിവരങ്ങളും അടങ്ങുന്നതുമായ നോട്ടീസുകൾ നിർണ്ണയിക്കപ്പെടുന്നരീതിയിൽ പ്രദർശിപ്പിച്ചു വച്ചുകൊണ്ടിരിക്കേണ്ടതാകുന്നു.

30. <u>ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.</u>—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി മറെറതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിൻേറയോ സേവന കാൺട്രാക്ററിൻേറയോ, നിബന്ധനകളിലോ, അല്ലെങ്കിൽ സ്ഥാപനത്തിന് ബാധകമാകുന്ന ഏതെങ്കിലും സ്ഥിരം ഉത്തരവുകളിലോ, അവ ഈ ആക്ററിൻെറ പ്രാരംഭത്തിനുമുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും, എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്ന കാൺട്രാക്ററ് തൊഴിലാളികൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും കരാറിനോ, സേവനകാൺട്രാക്ററിനോ

സ്ഥിരം ഉത്തരവുകൾക്കോ കീഴിൽ, ഏതെങ്കിലും വിഷയംസംബന്ധിച്ച്, അവർക്ക് ഈ ആക്റ്റിൻകീഴിൽ അവകാശമുള്ള ഗുണങ്ങളിലും കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് അവകാശമുള്ളിടത്ത്, ആ വിഷയംസംബന്ധിച്ച് അവർക്ക്, ആ കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക്, ഈ ആക്റ്റിൻകീഴിൽ അവർക്ക് മററു വിഷയങ്ങൾസംബന്ധിച്ച് ഗുണങ്ങൾ കിട്ടുന്നുണ്ടെന്നിരുന്നാലും, തുടർന്ന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നിനും, അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റ്റ് തൊഴിലാളികളെ, ഏതെങ്കിലും വിഷയംസംബന്ധിച്ച്, ഈ ആക്റ്റിൻകീഴിൽ തങ്ങൾക്ക് അവകാശമുള്ളവയെക്കാൾ അവകാശങ്ങളും വിശേഷാവകാശങ്ങളും കൂടുതൽ അനുകൂലമായി നല്കുന്നതിനുള്ള ഒരു കരാറിൽ അതതു സംഗതിപോലെ, മുഖ്യനിയോജകനുമായോ കൺട്രാക്റ്ററുമായോ ഏർപ്പെടുന്നതിനെ തടയുന്നതായി അർത്ഥം കല്പിക്കാൻപാടുള്ളതല്ല.

31. പ്രത്യേകസംഗതികളിൽ ഒഴിവാക്കാനുള്ള അധികാരം.— സമുചിത ഗവൺമെൻറിന്, അടിയന്തരാവസ്ഥയുടെ സംഗതിയിൽ, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതികളും, വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും, അങ്ങനെ വിനിർദ്ദേശിക്കുന്ന കാലാവധിക്കോ കാലാവധികൾക്കോ ആയും, ഈ ആക്റ്റിൻേറയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളുടേയോ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ, ഏതെങ്കിലും സ്ഥാപനത്തിനോ, തരം സ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും തരം കൺട്രാക്റ്റർമാർക്കോ, ബാധകമാകുന്നതല്ലെന്ന് നിദേശിക്കാവുന്നതാണ്.

32. ഈ ആക്റ്റിൻകീഴിൽ എടുക്കുന്ന നടപടിയുടെ സംരക്ഷണം.— (1) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച്, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, ഏതെങ്കിലും രജിസ്റ്ററിങ്ങ് ഉദ്യോഗസ്ഥനോ ലൈസൻസിങ്ങ് ഉദ്യോഗസ്ഥനോ മറേറതെങ്കിലും ഗവൺമെൻറ് ജീവനക്കാരനോ, അതതുസംഗതിപോലെ, കേന്ദ്രബോർഡിൻേറയോ സ്റേററ്റ് ബോർഡിൻേറയോ ഏതെങ്കിലും അംഗത്തിനോ എതിരായി യാതൊരു വ്യവഹാരവും. അല്ലെങ്കിൽ, പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

(2) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും കാരണമായി ഉണ്ടായിട്ടുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന്, ഗവൺമെൻറിനെതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

33. നിദേശങ്ങൾ നല്കാനുള്ള അധികാരം.— കേന്ദ്രഗവൺമെൻറിന്, ഏതെങ്കിലും സ്റേററ്റിലെ ഗവൺമെൻറിന്, ആ സ്റേററ്റിൽ ഈ ആക്റ്റിൽ അടങ്ങിയ വ്യവസ്ഥകൾ നടപ്പിൽ കൊണ്ടുവരുന്നതുസംബന്ധിച്ച് നിദേശങ്ങൾ നല്കാവുന്നതാണ്.

34. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ഈ ആക്റ്റിലെ വ്യവസ്ഥകളോട് അസംഗതമല്ലാത്തതും ആ വിഷമത നീക്കം ചെയ്യാൻ ആവശ്യകമായതോ സമീചീനമായതോ ആണെന്നു തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

35. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>— (1) സമുചിത ഗവൺമെൻറിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്; അതായത്,—

(ക) കേന്ദ്രബോർഡിനും സ്റേററ് ബോർഡിനും വിവിധ താത്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, അവരുടെ ഉദ്യോഗകാലാവധിയും, മററു സേവനവ്യവസ്ഥകളും, അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമവും ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും;

(ഖ) ഈ ആക്ററിൻകീഴിൽ സംവിധാനം ചെയ്യപ്പെടുന്ന ഏതെങ്കിലും കമ്മിററിയുടെ യോഗങ്ങളുടെ സമയങ്ങളും സ്ഥലങ്ങളും ബിസിനസ്സ് നടത്തിപ്പിനാവശ്യമായ കോറം ഉൾപ്പെടെ അങ്ങനെയുള്ള യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും കമ്മിററിയിലെ അംഗങ്ങൾക്ക് കൊടുക്കാവുന്ന ഫീസും ബത്തകളും;

(ഗ) 7-ാം വകുപ്പിൻകീഴിൽ സ്ഥാപനങ്ങൾ രജിസ്ററർ ചെയ്യാവുന്ന രീതിയും, അതിന് ഫീസ്, ചുമത്തുന്നതും രജിസ്ട്രേറഷൻ സർട്ടിഫിക്കററിൻെറ ഫാറവും;

(ഘ) ലൈസൻസ് നല്കാനോ പുതുക്കാനോ ഉള്ള 13-ാം വകുപ്പിൻകീഴിലെ അപേക്ഷയുടെ ഫാറവും അതിൽ അടങ്ങാവുന്ന വിവരങ്ങളും;

(ങ) ലൈസൻസ് നല്കാനുള്ള അപേക്ഷ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടരീതിയും ലൈസൻസ് നല്കുകയോ നിരസിക്കുകയോ ചെയ്യുന്നതിൽ കണക്കിലെടുക്കേണ്ട വിഷയങ്ങളും;

(ച) 12-ാം വകുപ്പിൻകീഴിൽ നല്കാവുന്നതോ പുതുക്കാവുന്നതോ ആയ ലൈസൻസിൻെറ ഫാറവും, ഏത് ഉപാധികൾക്കുവിധേയമായാണോ ലൈസൻസ് നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നത്, ആ ഉപാധികളും, ലൈസൻസ് നല്കുന്നതിനോ പുതുക്കുന്നതിനോ ചുമത്തേണ്ട ഫീസും, അങ്ങനെയുള്ള ഉപാധികൾ നിർവഹിക്കുന്നതിന് ജാമ്യമായി ഏതെങ്കിലും തുക നിക്ഷേപിക്കുന്നതും;

(ഛ) ലൈസൻസുകൾ 14-ാം വകുപ്പിൻകീഴിൽ വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്ന പരിതഃസ്ഥിതികൾ;

(ജ) 15-ാം വകുപ്പിൻകീഴിൽ അപ്പീലുകൾ ഫയൽ ചെയ്യാവുന്ന ഫാറവും രീതിയും, അപ്പീലുകൾ തീർപ്പാക്കുന്നതിൽ അപ്പീൽ ഉദ്യോഗസ്ഥൻമാർ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ഝ) ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യാൻ ഈ ആക്ററ് ആവശ്യപ്പെടുന്ന സൗകര്യങ്ങൾ, കൺട്രാകറററും, കൺട്രാകററർ വീഴ്ച വരുത്തിയാൽ മുഖ്യനിയോജകനും, അപ്രകാരം ഏർപ്പെടുത്തുന്നത് ഏതു സമയത്തിനുള്ളിലാകാമെന്നുള്ളത്,

(ഞ) ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ട കാൻറീനുകളുടേയും, വിശ്രമമുറികളുടേയും, കക്കൂസുകളുടേയും, മൂത്രപ്പുരകളുടേയും എണ്ണവും മാതൃകകളും;

(ട) പ്രഥമശുശ്രൂഷയ്ക്കുള്ള പെട്ടികളിൽ ഏർപ്പെടുത്തേണ്ട സജ്ജീകരണത്തിന്റെ മാതൃക ;

(ഠ) കാൺട്രാക്ററ് തൊഴിലാളികൾക്കു കൊടുക്കേണ്ട കൂലി, കൺട്രാക്ററർ 21-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ കൊടുക്കേണ്ടത് ഏതു കാലാവധിക്കുള്ളിലാണെന്നുള്ളത് ;

(ഡ) മുഖ്യനിയോജകൻമാരും കൺട്രാക്ററർമാരും വച്ചുപോരേണ്ട രജിസ്ററുകളുടേയും റിക്കാർഡുകളുടേയും ഫാറം ;

(ഢ) റിട്ടേണുകൾ സമർപ്പിക്കലും, അങ്ങനെയുള്ള റിട്ടേണുകൾ സമർപ്പിക്കുന്നത് ഏത് ഫാറങ്ങളിലും ഏത് അധികാരസ്ഥാനങ്ങൾക്കും ആണെന്നുള്ളതും ;

(ണ) കാൺട്രാക്ററ് തൊഴിലാളികളെ സംബന്ധിച്ച് ഏതെങ്കിലും വിവരമോ സ്ഥിതിവിവരക്കണക്കുകളോ ശേഖരിക്കൽ ;

(ത) ഈ ആക്ററിൻകീഴിൽ നിർണ്ണയിക്കപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ, അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് ഇരുസഭകളും, ആ ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമുണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റേയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.

---